# ന്യൂയോർക്കിൽ ശ്രദ്ധ നേടി നാളികേര ഉത്പന്നങ്ങൾ

കൊച്ചി: അമേരിക്കയിലെ സമ്മർ ഫാൻസി ഭക്ഷ്യപ്രദർശനത്തിൽ ഉത്പന്നങ്ങളുമായി നാളികേര വികസന ബോർഡ് ശ്രദ്ധേയമായി. കേന്ദ്ര സർക്കാറിന്റെയും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെയും വിവിധ വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് 'ബ്രാൻഡ് ഇന്ത്യ' എന്ന ആശയവും പദ്ധതിയും ഇന്ത്യൻ പവലിയനിലൂടെ അവതരിപ്പിക്കുകയാണ് പ്രദർശനത്തിലൂടെ.

ന്യൂയോർക്കിലെ ജേക്കബ് ജാവിറ്റ്സ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന പ്രദർശനത്തിൽ നാളികേര വികസന ബോർഡ് ഡയറക്ടർ ടി.ഐ. മാത്തുക്കുട്ടി ബോർഡിനെ പ്രതിനിധീകരിച്ച് ഇന്ത്യൻ പവലിയനിൽ പ്രദർശനമൊരുക്കി. നീര, മൂല്യവർധിത ഉത്പന്നങ്ങളായ നീര ചോക്ളേറ്റ്, നീര കുക്കീസ്, തെങ്ങിൻ ചക്കര, ജാം, ബിസ്കറ്റ് , വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് പൗഡർ, നാളികേര ചിപ്സ് എന്നിവയ്ക്ക് മികച്ച വ്യാപാരാന്വേഷണങ്ങളുണ്ട്.

നാളികേര ഉത്പന്നങ്ങളായ കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, തൂറ്റം തേങ്ങ, പായ്ക്കു ചെയ്ത ഇളനീർ, വിവിധ ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണ എന്നിവയും സ്റ്റാളിൽ പ്രദർശനത്തിനും വില്പനയ്ക്കും ഉണ്ടായിരുന്നു.